റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ദിവാൻജി വോട്ടുപിടിക്കുന്നതിനു ശ്രമിച്ചുവെന്ന പുറമെ പ്രചാരംനടത്തുന്നുണ്ടെന്നുള്ളതറിയാമൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പുറമെ പറഞ്ഞുകേട്ടു. അതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ and that paper in which the allegation against the Diwan having gone there is not here. But that is not the subject matter of this.

മിസ്റ്റർ കെ. എ. രാഘവൻ: നമ്മുടെ രാജ്യത്തിൽ അരക്ഷിതാവസ്ഥയും അരാജകത്വവുമുണ്ടാക്കാൻ ദിവാൻജി പരോക്ഷമായി പരിശ്രമിച്ചുവെന്ന ആരോപണം അതിലില്ലെ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: I am sorry, I cannot understand you. Will you please put it in a more simpler form?

മിസ്റ്റർ കെ. എ. രാഘവൻ: കൊച്ചിയിൽ ഒരു രാജാവില്ലാത്ത അവസ്ഥയും, ജനങ്ങൾക്കു യാതൊരു രക്ഷയുമില്ലാത്ത അവസ്ഥയുമുണ്ടാക്കാൻ ദിവാൻജി Indirect ആയിട്ട് പരിശ്രമിച്ചുവെന്ന ആരോപണമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, 'അരാജകത്വം' എന്നു പറഞ്ഞാൽ രാജാവില്ലാത്ത അവസ്ഥ എന്നല്ല അതിന്റെ അർത്ഥം Political confusion എന്നാണർത്ഥം.

മിസ്റ്റർ കെ. എ. രാഘവൻ: പക്ഷെ, സാധാരണ ജനങ്ങൾ അരാജകത്വം എന്നു പറഞ്ഞാൽ രാജാവില്ലാത്ത അവസ്ഥ എന്നാണ് അർത്ഥം ധരിക്കുക. അങ്ങിനെ ഒരാരോപണം ആ ലേഖനത്തിലുണ്ടോ എന്നാണു ചോദിക്കുന്നതു്.

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാർ പണംകെട്ടുത്തുവെന്ന ആരോപണം അതിലുണ്ടെന്നും അതിനെക്കുറിച്ചുനേഷിച്ചുതിൽ അങ്ങിനെ ഉണ്ടായിട്ടില്ലെന്നതെളിഞ്ഞുവെന്നും പറഞ്ഞു. ആ സ്ഥിതിക്കു് ആ ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടെ രക്ഷയ്ക്കുവേണ്ടി എന്തുകൊണ്ടു് അതിന്മേൽ നടപടി എടുത്തില്ല?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതാണു പറഞ്ഞതു്. എന്തുനടപടിയാണെടുക്കേണ്ടതെന്നതിനെക്കുറിച്ചാലോചിക്കുന്നതേയുള്ളുവെന്നു്.

BREAK-DOWN OF CAR No. 14 (STATE CAR)

207. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) did Car No. 14 (State Car) breake-down in one of the villages of the Nellayi constituency subsequent to the filing of nomination paper for election by Mr. C. R. Iyyunni;

(*b*) was the Minister for Public Works in the car when it broke down (Axle broken);

(*c*) in what connection was the car at the place when it broke down?

Mr. K. S. Raghavan *(Secretary to Government)*:

(*a*) Yes.

(*b*) Yes.

(*c*) The car was proceeding from Ernakulam to Cherpu.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: In the light of what the Hon'ble Minster explained to this House on another occasion I do not want to put the question.

CRIMINAL JURISDICTION OVER COCHIN STATE RAILWAY

208. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടിപറയുമോ.—

(എ) കൊച്ചിൻ സ്റ്റേറ്റ് റെയിൽവെയുടെ അധീനത്തിലുള്ള പ്രദേശങ്ങളുടെമേൽ ക്രിമിനൽ അധികാരം ആർക്കാണു്;

(ബി) ആ അധികാരം കൊച്ചിക്കു കൈമാറി കിട്ടുവാൻ വല്ല നടപടിയും കൊച്ചി ഗവൺമെണ്ടു് എടുത്തിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ശിവരാമമേനോൻ : (എ) കൊച്ചിൻ സ്റ്റേറ്റ് റെയിൽവെയുടെ അധീനത്തിലുള്ള പ്രദേശങ്ങളുടെമേൽ ക്രിമിനൽ അധികാരം ഇപ്പോൾ ബ്രിട്ടിഷ് അധീന ഗവമ്മെണ്ടിനാണ്.

(ബി) ആ അധികാരം കൊച്ചിക്ക് കൈമാറി കിട്ടേണ്ടകാര്യം പരിഗണിക്കുന്നുണ്ട്.

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: That was the situation at the time when the answer was given. But now it can be said further. That jurisdiction has been ceded to us; we are expecting the Notification on the matter.

RICE—IMPORT OF

209. മിസ്റ്റർ കെ. എ. രാഘവൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഗവമ്മേണ്ട് ഏതെല്ലാം പ്രോവിൻസുകളിൽനിന്നും രാജ്യങ്ങളിൽനിന്നുമാണ് അരി വാങ്ങുന്നത്;

(ബി) ഓരോ പ്രോവിൻസിൽനിന്നും വാങ്ങുന്നതിന് കൊച്ചിഗവമ്മേണ്ട് അവയ്ക്ക് ചാക്കൊന്നിന് കൊടുക്കേണ്ടിവന്നതും കൊടുക്കേണ്ടിവരുന്നതുമായ വിലനിരക്കെന്താണ്;

(സി) ഈ അരി ഓരോ പ്രോവിൻസിൽനിന്നും കൊച്ചിയിൽ എത്തുമ്പോൾ അതിന് ചാക്കൊന്നിന് കയറ്റിറക്ക് മുതലായ ക്കൂലിച്ചിലവ് എന്തുവരുന്നുണ്ട്;

(ഡി) കൊച്ചിയിൽനിന്നും എടുക്കുന്ന ഒരു ചാക്കരിക്ക് വേണ്ട നെല്ലിന് ഇവിടത്തെ കർഷകർക്ക് എത്ര വില ഗവമ്മേണ്ട് കൊടുക്കുന്നുണ്ട്;

(ഇ) പഞ്ചാബിൽനിന്നും സിന്ധിൽനിന്നും ൧൯൫൨-ൽ ഒടുവിൽ വാങ്ങിയ അരി കേപ്പാട്ടക്ക ചാക്കൊന്നിന് എത്ര വിലയായിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) സിൻഡ്, പഞ്ചാബ്, പുറരാജ്യങ്ങൾ (ബർമ്മ, ബ്രസീൽ, ഇൻറൊനേഷ്യ മുതലായവ).

(ബി) ൨½ ഇമ്പീരിയൽ മന്നുകൊള്ളുന്ന ചാക്കിന്.—

സിൻഡ്.—ക. ൨൫—൦—൦ മുതൽ ക. ൩൭—൪—൦ വരെ.

പഞ്ചാബ്.—ക. ൨൨—൭—൦ മുതൽ ക. ൩൨—൭—൦ വരെ.

ഇന്ത്യക്ക പുറമുള്ള രാജ്യങ്ങൾ.—ക. ൪൨—൧൩—൦.

(സി) ഇപ്പോഴത്തെ നിരക്ക്.

സിൻഡ്, പഞ്ചാബ്.—കപ്പൽക്കൂലി കമ്മിഷൻ മുതലായവ ക. ൨—൧൫—൦.

കപ്പലിൽനിന്നും മട്ടാഞ്ചേരി ഗുദാമിലേക്ക് ക. ൦—൨—൬.

പുറംരാജ്യങ്ങൾ.—കപ്പലിൽനിന്നും മട്ടാഞ്ചേരി ഗുദാമിലേക്ക് ക. ൦—൨—൬.

(ഡി) ഉദ്ദേശം ൨൫ ഉറുപ്പിക.

(ഇ) ൧൯൫൨-ൽ പഞ്ചാബിൽനിന്ന് ഇതുവരെ വാങ്ങിയ അരി രണ്ടു തവണയായിട്ടാണ്. അതിൽ രണ്ടാമത്തെ തവണ വാങ്ങിയ അരിയുടെ കണക്കുകൾ ലഭിച്ചിട്ടില്ല. ആദ്യത്തെ തവണ പഞ്ചാബിൽ നിന്നും വാങ്ങിയതിന് ൨½ മന്നിന് ചാക്കൊന്നിന് ക. ൩൭—൧൦—൭ അവിടെ വില വന്നിട്ടുണ്ട്. സിൻറിൽനിന്നും വാങ്ങിയതിന ൨½ മന്നിന് (൨൦൫ lbs.) ചാക്കിന ക. ൨൫—൬—൯ മുതൽ ക. ൨൬—൧൫—൯ അവിടെ വിലവന്നിട്ടുണ്ട്. ഒരു സംഗതികൂടി പറയാം. ൨½ ഇമ്പീരിയൽ മന്ന എന്ന പറയുമ്പോൾ ൨ ൦ ൫ റാത്തൽ ഉണ്ട്. നമ്മളുടെ ൭ പറ ചാക്കിന ൬൦-ഓ, ൬൭-ഓ റാത്തൽ മാത്രമേ ഉണ്ടാകയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: നമുക്ക മദ്രാസ് പ്രവിശ്യയിൽനിന്നും അരി കിട്ടുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇപ്പോൾ അവിടെ നമ്മുടെ റൈസ് ആഫീസർമാറില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly